# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.06.2026**

## പ്രധാനവാർത്തകൾ

1. പി എം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. സർക്കാർ തീരുമാനം ഉപസമിതി റിപ്പോർട്ടിന് ശേഷമെന്ന് വിദ്യാഭ്യാസ മന്ത്രി എൻ ഷംസുദ്ദീൻ. പുതുക്കിയ ബജറ്റിന്മേലുള്ള പൊതു ചർച്ച ഇന്ന് സമാപിക്കും.
2. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കാൻ വിഷൻ - 2031 നയരേഖയ്ക്ക് രൂപം നൽകിയതായി വനം മന്ത്രി ഷിബു ബേബി ജോൺ.
3. 'ഓപ്പറേഷൻ തൂഫാൻ' വ്യാപിപ്പിക്കുന്നതിന് കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ.
4. തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധുവാക്കി ഹൈക്കോടതി. നിയമാനുസൃതം നാല് ആഴ്ചയ്ക്കകം വീണ്ടും സത്യപ്രതിജ്ഞ ചെയ്യാൻ നിർദേശം.
5. രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ എത്തുന്ന ആദ്യ തുറമുഖം എന്ന നേട്ടം സ്വന്തമാക്കാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം.
6. ഫിഫ ലോകകപ്പിൽ കോംഗോയെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് കൊളംബിയ നോക്കൗട്ടിലേക്ക്.

&&&&&&&&&&&&&&&&&&

RNU TVPM

## നിയമസഭ (ഇൻട്രോ)

പി എം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ പൊതു സമൂഹത്തിന് ഉണ്ടായ ആശങ്ക സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് പി പ്രസാദാണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. നിയമപരമായ മാർഗ്ഗത്തിലൂടെ സർക്കാരിന് പദ്ധതിയിൽ നിന്ന് പിന്മാറാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ എൽ ഡി എഫ് സർക്കാർ ഒപ്പിട്ട പദ്ധതിയാണ് പി എം ശ്രീയെന്നും ഉപസമിതി റിപ്പോർട്ടിന് ശേഷം മാത്രമെ സർക്കാർ തീരുമാനമുണ്ടാകുകയുള്ളവെന്നും വിദ്യാഭ്യാസ മന്ത്രി എൻ.ഷംസുദ്ദീൻ മറുപടി നൽകി.

(വോയിസ്)

മന്ത്രിയുടെ മറുപടിയെതുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോയി. നിയമസഭയിൽ പുതുക്കിയ ബജറ്റിന്മേലുള്ള പൊതു ചർച്ച ഇന്ന് സമാപിക്കും. നാളെ മുതൽ 28 വരെ സഭ ചേരില്ല.

RNUTVPM

&&&&&&&&&&&&&&&&&

## മന്ത്രി ഷിബു ബേബി ജോൺ- (INTRO)

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്
വിഷൻ - 2031 നയരേഖയ്ക്ക് വനംവകുപ്പ് രൂപം നൽകിയതായി മന്ത്രി ഷിബു ബേബി ജോൺ. വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നതെന്ന് അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&

## ബി ബി ഗോപകുമാർ

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച മദ്യനയത്തിലെ ഇളവ് കേരള - കർണാടക മദ്യ ഇടനാഴിക്കുള്ള ശ്രമമാണെന്ന് ബി ജെ പി എം.എൽ.എ - ബി ബി ഗോപകുമാർ. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്കിടെയാണ് നികുതി കുറച്ച് മദ്യമൊഴുക്കാനുള്ള സർക്കാരിൻറെ നീക്കം. വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ് നൽകിയ നടപടി പുന:പരിശോധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

## ഓപ്പറേഷൻ തൂഫാൻ-മുഖ്യമന്ത്രി

'ഓപ്പറേഷൻ തൂഫാൻ' വ്യാപിപ്പിക്കുന്നതിൻറെ ഭാഗമായി കർണാടക, തമിഴ്നാട്, പുതുച്ചേരി മുഖ്യമന്ത്രിമാർക്ക് കത്തയച്ച് മുഖ്യമന്ത്രി വി.ഡി സതീശൻ. മയക്കുമരുന്ന് കടത്ത് ശൃംഖലകൾ വിവിധ സംസ്ഥാനങ്ങളിലായി വ്യാപിച്ചു പ്രവർത്തിക്കുന്ന സാഹചര്യത്തിലാണ് ഏകോപിത നടപടികൾക്കായി ഈ നീക്കം. ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ച് അന്തർസംസ്ഥാന മയക്കുമരുന്ന് കടത്തിനെതിരെ സംയുക്ത പദ്ധതി രൂപീകരിക്കണമെന്ന് മുഖ്യമന്ത്രി കത്തിൽ അഭ്യർഥിച്ചു.

&&&&&&&&&&&&&&&&&

## ഹൈക്കോടതി - തിരു. കോർപ്പറേഷൻ

തിരുവനന്തപുരം കോർപറേഷനിലെ 20 കൗൺസിലർമാരുടെ സത്യപ്രതിജ്ഞ അസാധുവാക്കി ഹൈക്കോടതി. വിവിധ ദൈവങ്ങൾ, രക്തസാക്ഷികൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവയുടെ നാമത്തിൽ എടുത്ത സത്യപ്രതിജ്ഞയാണ് അസാധുവാക്കിയത്. നിയമത്തിൽ നിർദേശിച്ചിട്ടുള്ള രീതിയിൽ നാല് ആഴ്ച്ചയ്ക്കകം വീണ്ടും സത്യപ്രതിജ്ഞ ചെയ്യുന്നതിനുള്ള ക്രമീകരണം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കണമെന്ന് കോടതി നിർദേശം നൽകി. അതെസമയം, ഹൈക്കോടതിവിധി പൂർണമായും അംഗീകരിച്ചു കൊണ്ട് മുന്നോട്ടുപോകുമെന്ന് മേയർ വി.വി രാജേഷ് അറിയിച്ചു.

PNUTVPM

&&&&&&&&&&&&&&&&&&

## വിഴിഞ്ഞം

രണ്ട് വർഷത്തിനുള്ളിൽ 1000 വാണിജ്യ കപ്പലുകൾ എത്തുന്ന ലോകത്തെ ആദ്യ തുറമുഖം എന്ന നേട്ടത്തിലേക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. മദർഷിപ്പ് MSC Luciana ഇന്ന് വൈകിട്ട് എത്തുന്നതോടെ ഈ നേട്ടം വിഴിഞ്ഞത്തിന് സ്വന്തമാകും. തുറമുഖത്തിൽ ആദ്യ വാണിജ്യ കപ്പലായ San Fernando 2024 ജൂലൈ 11-നാണ് എത്തിയത്.

&&&&&&&&&&&&&&&&&&

## ഷിഗെല്ല -നിപ

സംസ്ഥാനത്ത് 15 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. അഞ്ച് ജില്ലകളിലാണ് രോഗബാധ. ഈ മാസം 165 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതെസമയം, നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ 11 പേരെ നിരീക്ഷണത്തിൽ നിന്നു ഒഴിവാക്കി. നിരീക്ഷണ വേളയിൽ രോഗലക്ഷണങ്ങൾ ഉണ്ടാകാത്തതിനെതുടർന്നാണിത്.

RNU TVPM

&&&&&&&&&&&&&&&&&&

## ക്ഷേമ പെൻഷൻ

ഈ മാസത്തെ വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണം ഇന്ന് ആരംഭിക്കും. ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി. അടുത്ത മാസം മൂന്നാം തീയതിക്ക് മുമ്പ് പെൻഷൻ വിതരണം പൂർത്തിയാക്കാനാണ് നിർദ്ദേശം.

&&&&&&&&&&&&&&&&&&

## ഫിഫ

ഫിഫ ലോകകപ്പിലെ നിർണായകമായ മത്സരത്തിൽ കോംഗോയെ ഏകപക്ഷീയമായ ഒരു ഗോളിന്തകർത്ത് കൊളംബിയ നോക്കൗട്ടിൽ പ്രവേശിച്ചു. ഗ്രൂപ്പ് - K കെയിലെ മറ്റൊരു മത്സരത്തിൽ ഉസ്ബെക്കിസ്ഥാനെ, എതിരില്ലാത്ത അഞ്ചുഗോളിന് തകർത്ത് പോർച്ചുഗൽ ആദ്യ ജയം സ്വന്തമാക്കി. ഇരട്ട ഗോൾ

നേടിയ നായകൻ ക്രിസ്റ്റ്യാനോ റൊണാൾഡോ തുടർച്ചയായി ആറു ലോകകപ്പുകളിൽ ഗോൾ നേടുന്ന താരമെന്ന അത്യപൂർവ റെക്കോഡിന് ഉടമയായി. ഗ്രൂപ്പ് എല്ലിലെ മുൻനിരക്കാരായ ഇംഗ്ലണ്ടിനെ ആ-്രഫിക്കൻ ശക്തിയായ ഘാന ഗോൾരഹിത സമനിലയിൽ തളച്ചു. ഇന്ന് രാത്രി 12.30ന് ഗ്രൂപ്പ് ബിയിൽ – കാനഡ സ്വിറ്റ്സർലൻഡിനെയും, ഖത്തർ ബോസ്നിയയെയും നേരിടും.

&&&&&&&&&&&&&&&&&&

## എഥനോൾ

എഥനോൾ മിശ്രിത പെട്രോളുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോകൾ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര സർക്കാർ. എഥനോൾ മിശ്രിത ഇന്ധനത്തെക്കുറിച്ച് അനാവശ്യമായ ആശങ്കകൾ സൃഷ്ടിക്കുന്നതിനുമുള്ള ശ്രമത്തിൻ്റെ ഭാഗമായി പഴയ ചിത്രങ്ങളും വീഡിയോകളും വീണ്ടും പ്രചരിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിടുണ്ടെന്നും അധികൃതർ അറിയിച്ചു. എഥനോൾ മിശ്രിത പെട്രോൾ സംരംഭം ശാസ്ത്രീയമായി സാക്ഷ്യപ്പെടുത്തിയതാണെന്നും സർക്കാർ ഇത് തുടർച്ചയായി നിരീക്ഷിച്ചുവരികയാണെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം വ്യക്തമാക്കി.

RNU TVPM

&&&&&&&&&&&&&&&&&&

## ഏലം - വില (ഇൻട്രോ)

ഏലയ്ക്ക സംഭരണം വ്യാപാരികൾ സജീവമാക്കിയതോടെ വിപണിയിൽ വില വീണ്ടും ഉയരുന്നു. ഏലയ്ക്ക വില കിലോയ്ക്ക് 2,500-ൽ നിന്ന് 2,800 രൂപയായി വർധിച്ചിട്ടുണ്ട്. മൂന്ന് മാസത്തിനിടെ ആദ്യമായാണ് വർധന. ഓൺലൈൻ ലേലങ്ങളിൽ ഗുണമേന്മയേറിയ ഏലക്കായ്ക്ക് 3,500 രൂപ വരെയാണ് വില.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്...**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

ഓഹരി - സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ നേട്ടത്തിൽ. സെൻസെക്സ് 699 പോയിന്റ് ഉയർന്ന് 76 ആയിരത്തി 900 ലും നിഫ്റ്റി 178 ഉയർന്ന് 24 ആയിരത്തി 002 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില പവന് 200 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 5,840 രൂപയും ഗ്രാമിന് 13,230 രൂപയുമാണ് വില.

&&&&&&&&&&&&&&&&&&

മുഹറം

സംസ്ഥാനത്ത് മുഹറം വെള്ളിയാഴ്ച ആചരിക്കുന്ന സാഹചര്യത്തിൽ വ്യാഴാഴ്ചത്തെ പൊതു അവധി വെള്ളിയാഴ്ചയിലേക്ക് മാറ്റി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വ്യാഴാഴ്ച പ്രവൃത്തിദിവസം ആയിരിക്കും.

&&&&&&&&&&&&&&&&&&

യുഎസ് സെനറ്റ്–ബിൽ

ഇറാനെതിരായ സൈനിക നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കാനുള്ള പ്രമേയം യുഎസ് സെനറ്റ് പാസാക്കി. തുടർന്നുള്ള സൈനിക നീക്കത്തിന് മുൻപ് യുഎസ് കോൺഗ്രസിന്റെ അനുമതി വാങ്ങണമെന്ന് നിർബന്ധമാക്കുന്ന ബില്ലാണ് ഉപരിസഭയായ സെനറ്റ് 48- നെതിരെ 50 വോട്ടുകൾക്ക് പാസാക്കിയത്. സെനറ്റിൽ യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ റിപ്പബ്ലിക്കൻ പാർട്ടിയുടെ നാല് അംഗങ്ങൾ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്തു. അമേരിക്കൻ ചരിത്രത്തിൽ ആദ്യമായാണ് 'യുദ്ധാധികാര പ്രമേയം' ഇരുസഭകളും പാസാക്കുന്നത്.

&&&&&&&&&&&&&&&&&&

മാരിടൈം ഓർഗനൈസേഷൻ പദ്ധതി

പശ്ചിമേഷ്യൻ പ്രതിസന്ധിയെത്തുടർന്ന് ഹോർമുസ് കടലിടുക്കിൽ കുടുങ്ങിയ 11,000 -ത്തിലധികം കപ്പൽ ജീവനക്കാരെ സുരക്ഷിതമായി ഒഴിപ്പിക്കാൻ അന്താരാഷ്ട്ര മാരിടൈം

RNU TVPM

ഓർഗനൈസേഷൻ പദ്ധതി പ്രഖ്യാപിച്ചു. അമേരിക്കയും ഇറാനും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി. അതിനിടെ, ഹോർമുസിലൂടെയുള്ള വാണിജ്യ കപ്പലുകളുടെ ഗതാഗതം പൂർണ്ണമായും പുനഃസ്ഥാപിച്ചതായി യുഎന്നിലെ ഇറാൻറെ സ്ഥിരം പ്രതിനിധി അറിയിച്ചു. നിലവിലെ സാഹചര്യങ്ങൾ അടുത്ത 60 ദിവസത്തിന് ശേഷം പുനപരിശോധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും മറ്റെന്നാൾ വരെ MY GOV, NaMo App, 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ അറിയിക്കാം.

*

**********

***************************************

RNU TVPM